KAIRALI
AGRICULTURE MULTI STATE
CO-OPERATIVE SOCIETY LTD

# കൈരളി അഗ്രികൾച്ചർ

## മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

**രജിസ്ട്രേഷൻ നമ്പർ: MSCS/CR/1346/2022**

കോവിലകം ടവർ, വാരിയം ലെയിൻ, തെക്കേമഠം റോഡ്, തൃശൂർ, കേരളം 680001

www.kairalimscs.com admin@kairalimscs.com +91 8590600345

---

## കാർബൺ ക്രെഡിറ്റ് പദ്ധതി

**കൃഷിഭൂമിയിലൂടെ കാർബൺ ബഹിർഗമനം കുറയ്ക്കുന്ന കർഷകർക്ക് ലഭിക്കും കാർബൺ ക്രെഡിറ്റ്**

കർഷകർ സ്വന്തം കൃഷിയിടത്തിൽ കാർബൺ ഡയോക്സൈഡ് എമിഷൻ കുറയ്ക്കുക; കുറയുന്ന ഓരോ ടണ്ണിനും നിശ്ചിത ഡോളർ പ്രതിഫലം കർഷകന്റെ അക്കൗണ്ടിലെത്തും. രാജ്യാന്തരതലത്തിൽ ഇന്ന് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന കാർബൺ ക്രെഡിറ്റ് പദ്ധതിയുടെ നേട്ടം നമ്മുടെ കർഷകർക്കും ലഭ്യമാക്കാനുള്ള ശ്രമമാണ് കൈരളി സൊസൈറ്റിയുടേത്.

## കാർബൺ ക്രെഡിറ്റ്

ഹരിതഗൃഹ വാതകങ്ങളുടെ അമിതമായ പുറന്തള്ളലാണ് ഭൂഗോള താപീകരണത്തിനും കാലാവസ്ഥ വ്യതിയാനത്തിനും കാരണമെന്നു നിരന്തരം നാം കേൾക്കാറുണ്ട്. ഈ വാതകങ്ങളിൽ മുന്നിലുള്ളത് കാർബൺ ഡയോക്സൈഡ് തന്നെ. ഒപ്പം മീഥൈനും നൈട്രസ് ഓക്സൈഡും. അന്തരീക്ഷത്തിലേക്കു തള്ളുന്ന കാർബൺ ഡയോക്സൈഡിന്റെ അളവ് കഴിഞ്ഞ 20 വർഷം കൊണ്ട് 12 ശതമാനവും മീഥൈനിന്റെ അളവ് 6 ശതമാനവും വർധിച്ചെന്നാണു കണക്ക്.

ഇന്ധനങ്ങൾ, രാസ ജൈവ മാലിന്യങ്ങൾ എന്നിവ മാത്രമല്ല, കാർഷികാവശിഷ്ടങ്ങൾ കത്തിക്കുന്നതും കാർബൺ പുറന്തള്ളലിനു കാരണമാകുന്നുണ്ട്. നൈട്രജൻ വളങ്ങളുടെ അമിത ഉപയോഗം അന്തരീക്ഷത്തിൽ നൈട്രസ് ഓക്സൈഡിന്റെ അളവു കൂടാനിടയാക്കുന്നു. കുന്നുകൂടി കിടക്കുന്ന ചാണകത്തിൽ നിന്നാകട്ടെ, ഓക്സിജന്റെ അഭാവത്തിൽ കാർബൺ ഡയോക്സൈഡും മീഥൈനും പുറന്തള്ളപ്പെടും. അതായത്, ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിലൂടെ കാലവസ്ഥ മാറ്റത്തിന് ഒരളവോളം ഇന്നത്തെ കൃഷി മൃഗസംരക്ഷണ രീതികൾ വഴിവയ്ക്കുന്നുണ്ട്. അത് കൃഷിയെത്തന്നെ ബാധിക്കുന്നു എന്നതാണ് അപകടകരമായ യാഥാർഥ്യം. ഇവിടെയാണ് കാർബൺ ക്രെഡിറ്റിന്റെ പ്രസക്തി. കൃഷിയിടത്തിൽനിന്ന് ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ എത്രത്തോളം കുറയ്ക്കുന്നോ അത് ക്രെഡിറ്റ് ആയി എണ്ണുകയും ഓരോ ക്രെഡിറ്റിനും നിശ്ചിത തുക കർഷകന് പ്രതിഫലമായി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് കാർബൺ ക്രെഡിറ്റ് പദ്ധതി.

കൈരളി അഗ്രികൾച്ചർ സൊസൈറ്റി കാർബൺ ക്രെഡിറ്റ് മേഖലയിൽ വൈദഗ്ധ്യമുള്ള സ്റ്റാർട്ടപ്പ് കമ്പനിയായ ലോ കാർബൺ സൊല്യൂഷൻസ് എന്ന കമ്പനിയുമായി ജോയിന്റ് വെഞ്ച്വർ ആയിട്ടാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്. ആഗോള തലത്തിൽ അംഗീകൃതമായ ജി. എച്ച്. ജി. പ്രോട്ടോക്കോൾ പ്രകാരം കാർബൺ അക്കൗണ്ടിങ്ങിൽ ജി. എച്ച്. ജി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ്, സിയാറ്റിൽ, യു. എസ്. എ. യിൽ നിന്നും സെർട്ടിഫൈഡ് ആയ ഓഡിറ്റർസ് അടക്കമുള്ള ഒരു ടെക്നിക്കൽ ടീമാണ് ലോ കാർബൺ സൊല്യൂഷൻസിന്റേത്. പ്രാദേശിക കർഷക സംഘടനകളെ അണിചേർത്ത് ഈ പ്രോജക്ട് സാധാരണ കർഷകരിലേക്ക് എത്തിക്കുകയും നടപ്പിലാക്കുകയുമാണ് കൈരളി അഗ്രികൾച്ചർ സൊസൈറ്റിയുടെ ലക്ഷ്യം.

ഈ രീതിയിൽ സ്വന്തം കൃഷിയിടത്തിൽനിന്നു കാർബൺ പുറന്തള്ളൽ കുറയ്ക്കുന്ന കർഷകന് ആരു പണം നൽകും? ന്യായമായ ചോദ്യം. കൈരളി സൊസൈറ്റി നൽകുമെന്നു പറഞ്ഞാൽ അവർക്കത് എവിടെനിന്നു കിട്ടുമെന്നു ചോദിക്കാം.

## ആരു നൽകും?

ഐക്യരാഷ്ട്ര സംഘടനയുടെ 2021ലെ ഗ്ലസ്ഗോ ഉച്ചകോടിയിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ പ്രകാരം കാലാവസ്ഥ വ്യതിയാനം തടയുന്നതിന് ലോകരാജ്യങ്ങൾ കർശന നടപടികൾ സ്വീകരിക്കേണ്ടതുണ്ട് (കേന്ദ്ര ബജറ്റിൽ ഗ്രീൻ ക്രെഡിറ്റിനും പ്രകൃതി കൃഷിക്കുമെല്ലാം പ്രാമുഖ്യം വരുന്നതിന്റെ കാരണവും ഇതു തന്നെ). ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളലിന് മുഖ്യ ഹേതു വൻ വ്യവസായങ്ങളാണ്. നടപ്പുരീതിയിൽ പരിസ്ഥിതിവിരുദ്ധമായി അവർക്കു മുന്നോട്ടു പോകാനാവില്ല. അതേസമയം സോളാർ ഊർജ വിനിയോഗം ഉൾപ്പെടെ എത്രതന്നെ പരിസ്ഥിതിസൗഹൃദ മാർഗത്തിലേക്കു മാറിയാലും ഒരളവു വരെ ഹരിതഗൃഹ വാതകങ്ങൾ അവർക്കു പുറന്തള്ളേണ്ടി വരും. ഈ സാഹചര്യത്തിൽ നിശ്ചിത ശതമാനം കാർബൺ ക്രെഡിറ്റ് വില കൊടുത്തു വാങ്ങി അവർക്ക് തങ്ങളുടെ സാമൂഹിക ഉത്തരവാദിത്തം നിറവേറ്റാൻ അവസരമുണ്ട്. ആഗോളതലത്തിൽ പല കമ്പനികളും ഈ മാർഗം ഉപയോഗപ്പെടുത്തുന്നു. ഇന്ത്യൻ കമ്പനികൾക്ക് നിലവിലിത് നിയമം മൂലം നിർബന്ധമാക്കിയിട്ടില്ലെങ്കിലും അതിലേക്കാണ് പോക്ക് എന്നത് കാർബൺ ഓഡിറ്റിങ്ങിൽ രാജ്യാന്തര യോഗ്യതയുള്ള വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. കാർബൺ വിൽപനയുടെ സാധ്യതയും അതു തന്നെ.

നിങ്ങളുടെ കൃഷിയിടത്തിൽ പ്രകൃതിസൗഹൃദ കൃഷിമാർഗങ്ങളിലൂടെ നിങ്ങൾ കുറയ്ക്കുന്ന ഓരോ ടൺ കാർബണും ഓരോ കാർബൺ ക്രെഡിറ്റായി എണ്ണപ്പെടും. ഇത് നിശ്ചിത വില നൽകി മേൽപ്പറഞ്ഞ കമ്പനികൾ സ്വന്തമാക്കും. ഇത്തരം കാർബൺ ക്രെഡിറ്റ് വിനിമയത്തിനായി നിലവിൽ ഓസ്ട്രേലിയയിലെ സിഡ്നിയിൽ ഓഹരി വിപണി മാതൃകയിൽ കാർബൺ എക്സ്ചേഞ്ച് പ്രവർത്തിക്കുന്നുണ്ട്. ഈ എക്സ്ചേഞ്ചിൽ കൈരളി സൊസൈറ്റിയും അംഗമാണ്. കാർബൺ ക്രെഡിറ്റ് ലഭിക്കുന്ന തരം കൃഷിരീതിയിലേക്ക് കർഷകരെ എത്തിക്കാനും ഈ കാർബൺ ക്രെഡിറ്റ് വിനിമയം ചെയ്ത് കർഷകർക്ക് പ്രതിഫലം നൽകാനുമാണ് കൈരളി സൊസൈറ്റിയുടെ ശ്രമം. ഒരു കാർബൺ ക്രെഡിറ്റിന് 40 ഡോളർ ആണ് നിലവിൽ ആഗോള തലത്തിൽ ആവറേജ് നിരക്ക് . കാർബൺ ക്രെഡിറ്റിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ അൻപതു ശതമാനം കർഷകന് ലഭ്യമാക്കുകയും ബാക്കി അൻപതു ശതമാനം പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിക്കുകയും ചെയ്യുന്നു.

കർഷകരുമായി 7 വർഷത്തെ കരാറാണ് കൈരളി വയ്ക്കുന്നത്. കരാറിലെത്തുന്ന കർഷകരുടെ കൃഷിയിടത്തിലെ ഹരിതഗൃഹവാതക നിർഗമനം ഓഡിറ്റ് ചെയ്യുകയാണ് ആദ്യപടി. തുടർന്ന് കൃഷിരീതിയിൽ വരുത്തേണ്ട തിരുത്തലുകൾ നിർദേശിക്കും. കാർഷികാവശിഷ്ടങ്ങൾ കത്തിക്കാതിരിക്കൽ, ആവരണവിളകൾക്കും സമ്മിശ്ര കൃഷിരീതികൾക്കും മുൻഗണന നൽകൽ, ഡീസൽ മണ്ണെണ്ണ പമ്പുസെറ്റുകൾക്കു പകരം സോളാർ പമ്പുകൾ, മണ്ണൊലിപ്പുള്ള പ്രദേശങ്ങളിൽ രാമച്ചം, മുള വച്ചുപിടിപ്പിക്കൽ തുടങ്ങി ഹരിതഗൃഹ വാതക നിയന്ത്രണത്തിന് മാർഗങ്ങൾ പലതുണ്ട്. ഈ രീതിയിൽ മുന്നേറുന്ന കൃഷിയിടങ്ങൾക്ക് ഒന്നര മുതൽ രണ്ട് വർഷങ്ങൾക്കുള്ളിൽ കാർബൺ ക്രെഡിറ്റ് ലഭ്യമായി തുടങ്ങും.

രാജ്യാന്തരവിപണിയിൽ ഇപ്പോൾത്തന്നെ കാർബൺ ന്യൂട്രൽ കാർഷികോൽപന്നങ്ങൾ എത്തിക്കഴിഞ്ഞു. ജൈവോൽപന്നങ്ങളുടെ കാര്യത്തിൽ എന്നപോലെ താമസിയാതെ, കാർബൺ ന്യൂട്രൽ ഉൽപന്നങ്ങൾ തേടുന്ന ഉപഭോക്താക്കൾ സജീവമാകുകയും അതു കർഷകരുടെ വരുമാന വർധനയ്ക്ക് വഴിവയ്ക്കുകയും ചെയ്യും.

**കാർബൺ ക്രെഡിറ്റ് പദ്ധതിയിൽ സൗജന്യമായി അംഗത്വമെടുക്കുന്നതിനായി ബന്ധപ്പെടുക**